# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 713    02.12.2015-ൽ മറുപടിക്ക്

## സൗജന്യ കാൻസർ കെയർ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. ശിവദാസൻ നായർ<br>" സണ്ണി ജോസഫ്<br>" എം.പി. വിൻസെന്റ്<br>" പാലോട് രവി | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് സൗജന്യ കാൻസർ കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ; | (എ) | ഉണ്ട്. |
| (ബി) | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; | (ബി) | എല്ലാ ജില്ലയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് വഴി എല്ലാ ജില്ലയിലെയും അർബുദരോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ ചികിത്സ ഉറപ്പാക്കാനും അതിലൂടെ രോഗികൾക്ക് ഉണ്ടാകാമായിരുന്ന സാമ്പത്തികവും, ശാരീരികവും, മാനസികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിക്കുന്നു. ക്യാൻസർ രോഗനിർണ്ണയം എല്ലാ ജില്ലയിലും ലഭ്യമാക്കുന്നതു വഴി എല്ലാ ജില്ലയിലും രോഗനിർണ്ണയം നടത്താൻ കഴിയുന്നു. റീജണൽ ക്യാൻസർ സെന്ററിലെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നു. |
| (സി) | പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും, നേഴ്സുമാർക്കും ആർ.സി.സി.യിൽ വെച്ച് വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ ജില്ലാ ക്യാൻസർ സെന്ററുകൾ ആരംഭിക്കുന്നതിനും, മരുന്നു വാങ്ങുന്നതിനുമുള്ള ഫണ്ട് നൽകിയിട്ടുണ്ട്.<br><br>സർക്കാർ ഡോക്ടർമാർക്കും, നേഴ്സുമാർക്കും |

| | | | |
|---|---|---|---|
| | | | ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും, ആരോഗ്യതുടർ വിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**